# വിദ്യാലയ നിലവാര മൂല്യനിർണയത്തിനുള്ള ദേശീയ പരിപാടി

*ഫലപ്രദമായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ വർത്തമാന സമൂഹത്തിന്റെയും വിദ്യാഭ്യാസവ്യവസ്ഥയുടെയും അത്യാവശ്യമായി മാറിയിരിക്കുന്നു. വിദ്യാഭ്യാസ ഗുണമേന്മ ഉയർത്താനുള്ള ഏതു ശ്രമവും വിദ്യാലയം, അതിന്റെ പ്രകടനം മെച്ചമാക്കൽ എന്നിവയിൽ ഊന്നിനിൽക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ, സമഗ്രവും അർഥപൂർണവുമായ ഒരു വിദ്യാലയ മൂല്യനിർണയവ്യവസ്ഥ ഇത്തരം ശ്രമങ്ങളുടെ കേന്ദ്രസ്ഥാനത്ത് ഒരു അനിവാര്യതയായി മാറുന്നു.*

**നാഷണൽ പ്രോഗ്രാം ഓൺ സ്കൂൾ സ്റ്റാൻഡേർഡ്സ് ആന്റ് ഇവാലുവേഷൻ (NPSSE) എന്നത് ഒരു സ്ഥാപനമെന്ന നിലയിൽ ഓരോ വിദ്യാലയത്തെയും വിലയിരുത്താനും ഉത്തരവാദിത്തത്തോടെയുള്ള സ്വയംമുന്നേറ്റത്തിന്റെ സംസ്കാരം രൂപപ്പെടുത്താനുമുള്ള ഒരു ഉദ്യമമാണ്. വിദ്യാലയ മെച്ചപ്പെടലിന്റെ സുപ്രധാന മാർഗമായിട്ടാണ് അത് വിദ്യാലയത്തിന്റെ സ്വയം മൂല്യനിർണയത്തെ കാണുന്നത്.**

## 1.1. വിദ്യാലയ നിലവാര മൂല്യനിർണയത്തിനുള്ള ദേശീയ പരിപാടി (NPSSE)യുടെ മാർഗനിർദേശക തത്വങ്ങൾ

- ഭരണഘടനാപരമായ മൂല്യങ്ങൾ, ദേശീയ വിദ്യാഭ്യാസ നയങ്ങൾ, പാഠ്യപദ്ധതി ചട്ടക്കൂടുകൾ, വിദ്യാഭ്യാസ അവകാശനിയമം (2009), എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങിയ പദ്ധതികൾ എന്നിവയെ അടിസ്ഥാനമാക്കുന്നു.
- പഠിതാക്കളെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട്, വിദ്യാലയത്തെ വിലയിരുത്തലിനുള്ള ഒറ്റ ഘടകമായി പരിഗണിക്കുന്നു.
- പടിപടിയായ രീതിയിൽ വിദ്യാലയത്തെ പുരോഗതിയിലേയ്ക്കു നയിക്കുന്ന തുടർപ്രക്രിയ എന്ന നിലയ്ക്ക് വിദ്യാലയവിലയിരുത്തലിനെ വീക്ഷിക്കുന്നു.
- വിവിധ തലങ്ങളിലുള്ള വിദ്യാലയ ഭാഗഭാക്കുകൾ എല്ലാവരും പങ്കെടുക്കുന്ന ഒരു സഹവർത്തിത ഉദ്യമമായി വിദ്യാലയ വിലയിരുത്തലിനെ കാണുന്നു.
- ഓരോ വിദ്യാലയത്തിന്റെയും സ്വയംമെച്ചപ്പെടലിന്റേതായ നിരന്തരയാത്രയിൽ വെളിച്ചം പകരുന്ന വിധം സ്വന്തം പ്രകടനത്തെ മനസ്സിലാക്കുന്നതിന് അത് ശക്തി നൽകുന്നു.

## 1.2. NPSSE-യുടെ മുഖ്യ ഉദ്ദേശ്യങ്ങൾ

- നമ്മുടെ വിവിധങ്ങളായ വിദ്യാലയങ്ങൾക്കനുയോജ്യമായ തരത്തിലുള്ള വിലയിരുത്തൽ പ്രക്രിയ, ഉപാധി, രീതി, സാങ്കേതികഭദ്രമായ ചട്ടക്കൂട് എന്നിവ വികസിപ്പിക്കുക.

- വിദ്യാലയ മൂല്യനിർണയ ചട്ടക്കൂടിനെയും പ്രയോഗത്തെയും സംസ്ഥാനങ്ങൾക്ക് പ്രസക്തമായ വിധത്തിൽ അനുരൂപീകരിക്കാനും സന്ദർഭവത്ക്കരിക്കാനും ആവശ്യമായ മാനുഷികവിഭവത്തെ വികസിപ്പിക്കുകയും അതിനുള്ള സ്ഥാപനസംവിധാനങ്ങൾ ഒരുക്കകയും ചെയ്യുക.

- സുസ്ഥിരമായ, നിരന്തരമെച്ചപ്പെടലിലേയ്ക്ക് വിദ്യാലയത്തെ നയിക്കുന്ന വിദ്യാലയവിലയിരുത്തലിനെ സ്ഥാപനവത്കരിക്കാനുള്ള പ്രാഗത്ഭ്യം - വിദ്യാലയസംവിധാനതലങ്ങളിൽ വികസിപ്പിക്കുക.

- വിദ്യാലയത്തിന്റെ തനതായ ആവശ്യങ്ങളോട് ഉത്തരവാദിത്തപൂർണമായി പ്രതികരിക്കുകയും സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ വിദ്യാലയ വിലയിരുത്തൽ റിപ്പോർട്ടുകൾ അപഗ്രഥിച്ച് അനുയോജ്യമായ നയപരമായ ഇടപെടലുകൾ സാധ്യമാക്കുകയും ചെയ്യുക.

# 2. വിദ്യാലയ വിലയിരുത്തലാണ് മാർഗം; വിദ്യാലയ പുരോഗതി ലക്ഷ്യവും

- ഓരോ വിദ്യാലയവും അതിന്റെ വൈപുല്യം, പശ്ചാത്തലം, വിഭവങ്ങൾ എന്നിവയിൽ തനിമയാർന്നതാണ്.
- ദേശീയ കാഴ്ചപ്പാട് അതിന്റെ യഥാർഥ സത്തയിലൂന്നി പ്രാവർത്തികമാക്കാൻ വിദ്യാലയങ്ങൾക്ക് അവകാശമുണ്ട്.
- വിദ്യാലയ വിലയിരുത്തൽ എന്നാൽ ഓരോ സ്ഥാപനത്തിന്റെയും സമഗ്രവും നിരന്തരവുമായ നേട്ടങ്ങളുടെ വിലയിരുത്തൽ കൂടിയാണ്.
- മെച്ചപ്പെടുത്തലിന് അടിയന്തിര നടപടികൾ ആവശ്യമുള്ള ഓരോ വിദ്യാലയവും തങ്ങളുടെ ശക്തിദൗർബല്യങ്ങൾ കണ്ടെത്താൻ സ്വീകരിച്ച നിലവിലുള്ള രീതികൾ വിമർശനാത്മകമായി വിശകലനം ചെയ്യണം.
- വിദ്യാലയ വിലയിരുത്തൽ തൊഴിൽവൈദഗ്ധ്യത്തോടെ നടത്താനും തീരുമാനമെടുക്കാനും സഹായകമായ വിധത്തിൽ എല്ലാ ഭാഗഭാക്കുകളുടെയും സജീവ പങ്കാളിത്തത്തോടുകൂടിയ സഹവർത്തിതസംസ്കാരം രൂപപ്പെടുത്തണം.
- വിചിന്തനങ്ങളിലൂടെയും അനുഭവങ്ങളുടെ കൂട്ടായ പങ്കുവയ്ക്കലിലൂടെയും അധ്യാപകരെയും പഠനബോധന പ്രവർത്തനങ്ങളെയും സമ്പുഷ്ടമാക്കാൻ വിദ്യാലയ വിലയിരുത്തൽ സഹായകമാവും.
- വിദ്യാലയ വിലയിരുത്തൽ, ആഭ്യന്തരമായ വിലയിരുത്തൽ സംവിധാനംവഴി മെച്ചപ്പെട്ട ആസൂത്രണത്തിനും ഫലപ്രദമായ നടത്തിപ്പിനും സഹായകമാകും
- ഉണ്ടാകുന്ന മാറ്റങ്ങളിൽ അഭിമാനിച്ച് ആസ്വദിക്കാനും സ്ഥായിയായ പരിവർത്തനങ്ങൾക്ക് പ്രേരകമാകാനും ഈ വിലയിരുത്തൽ വിദ്യാലയത്തിനു ശക്തി പകരും.

**വിദ്യാലയ നിലവാര മൂല്യനിർണയ ചട്ടക്കൂട്**

**(School Standards and Evaluation Frame Work - SSEF)**

വിദ്യാലയത്തെ സമഗ്രമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വിദ്യാലയ നിലവാര മൂല്യനിർണയ ചട്ടക്കൂട് തയ്യാറാക്കിയിട്ടുള്ളത്. നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് നിർണയിക്കപ്പെട്ട മേഖലകളിലെ പ്രകടനങ്ങൾ കൃത്യതയോടെ, തന്ത്രപരമായി വിലയിരുത്താൻ ഇത് വിദ്യാലയത്തെ പ്രാപ്തമാക്കുന്നു.

സംസ്ഥാന-ജില്ലാ-ബ്ലോക്ക് തല വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ വിചക്ഷണർ, പ്രഥമാധ്യാപകർ, അധ്യാപകർ, അധ്യാപക സംഘടനാ പ്രതിനിധികൾ തുടങ്ങി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലുള്ള വ്യക്തികളുടെ പങ്കാളിത്തത്തോടെയാണ് ഈ ചട്ടക്കൂട് രൂപപ്പെടുത്തിയിട്ടുള്ളത്.

## 2.1. നിലവാര മൂല്യനിർണയ ചട്ടക്കൂടിന്റെ സവിശേഷതകൾ

- മൂല്യനിർണയത്തിനും മെച്ചപ്പെടലിനുമായി വിദ്യാലയത്തിന്റെ നിർണായക പ്രകടന മേഖലകൾ (Key Domains)കണ്ടെത്തി. അത്തരം ഓരോ മുഖ്യമേഖലയിലെയും കാമ്പ് എന്ന് വിശേഷിപ്പിക്കാവുന്ന മാനദണ്ഡങ്ങൾ (Core Standards) രൂപപ്പെടുത്തി.
- വിദ്യാലയത്തിന്റെ സ്വയം മൂല്യനിർണയത്തിനും ബാഹ്യ മൂല്യനിർണയത്തിനുമുള്ള ഒരു സമഗ്ര ഉപാധി.
- വ്യത്യസ്ത വിദ്യാലയങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതും സംസ്ഥാനത്തിന്റെ സവിശേഷതകൾക്കനുസരിച്ച് അനുരൂപമാക്കാവുന്നതും അയവുള്ളതും.
- വിദ്യാലയത്തിന്റെ സ്വയംമൂല്യനിർണയകർക്കും ബാഹ്യമൂല്യനിർണയകർക്കും എളുപ്പം ഉപയോഗിക്കാവുന്ന വ്യക്തതയുള്ളത്; യുക്തിപരമായത്.
- മൂല്യനിർണയപ്രക്രിയ സുതാര്യവും സുസ്ഥിരവുമാക്കുന്നത്.

## 2.2. വിദ്യാലയ നിലവാര മൂല്യനിർണയ ചട്ടക്കൂടിന്റെ (SSEF) ഘടന

മുഖ്യമേഖലകളും കാമ്പുമാനദണ്ഡങ്ങളും

| മുഖ്യമേഖലകൾ | കാമ്പുമാനദണ്ഡങ്ങൾ |
|---|---|
| വിദ്യാലയ വിഭവങ്ങൾ - ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത | ➤ വിദ്യാലയ വിഭവങ്ങൾ<br>➤ കളിസ്ഥലവും കളിയുപകരണങ്ങളും മറ്റു സാമഗ്രികളും<br>➤ ക്ലാസ്മുറിയും മുറികളും<br>➤ വൈദ്യുതിയും അനുബന്ധ സാധനങ്ങളും<br>➤ ലൈബ്രറി<br>➤ പരീക്ഷണശാല<br>➤ കമ്പ്യൂട്ടർ<br>➤ റാംപ്<br>➤ ഉച്ചഭക്ഷണം, അടുക്കള, സ്റ്റോർമുറി<br>➤ കുടിവെള്ളം<br>➤ കൈ കഴുകാനുള്ള സൗകര്യം<br>➤ ശുചിമുറി |
| പഠനബോധന തന്ത്രങ്ങളും വിലയിരുത്തലും | ➤ പഠിതാക്കളെക്കുറിച്ചുള്ള അധ്യാപകരുടെ ധാരണ<br>➤ വിഷയം, അധ്യാപനരീതികൾ എന്നിവയെക്കുറിച്ചുള്ള അധ്യാപകരുടെ അറിവ്<br>➤ അധ്യാപനാസൂത്രണം<br>➤ പഠനാന്തരീക്ഷം ഒരുക്കൽ<br>➤ പഠന-ബോധന പ്രക്രിയ<br>➤ ക്ലാസ് നിയന്ത്രണം<br>➤ പഠിതാക്കളെ വിലയിരുത്തൽ<br>➤ പഠന-ബോധന വിഭവങ്ങളുടെ ഉപയോഗം<br>➤ പഠന-ബോധന പ്രക്രിയയെക്കുറിച്ചുള്ള അധ്യാപകരുടെ സ്വയംവിലയിരുത്തലും പുനർവിചിന്തനവും |
| പഠന പുരോഗതി, പഠനനേട്ടം, വികാസം | ➤ പഠിതാക്കളുടെ ഹാജർനില<br>➤ പഠിതാക്കളുടെ പങ്കാളിത്തവും ഇടപെടലും<br>➤ പഠിതാക്കളുടെ പുരോഗതി<br>➤ പഠിതാക്കളുടെ വ്യക്തിപരവും സാമൂഹികവുമായ ഉയർച്ച<br>➤ പഠനനേട്ടം |
| അധ്യാപക പ്രവർത്തനങ്ങളും തൊഴിൽ വികാസവും മാനേജ് ചെയ്യൽ | ➤ പുതിയ അധ്യാപകരുടെ ശാക്തീകരണം<br>➤ അധ്യാപകരുടെ ഹാജർനില<br>➤ ലക്ഷ്യങ്ങൾ നിശ്ചയിക്കലും ഉത്തരവാദിത്തങ്ങൾ ഏല്പിക്കലും<br>➤ പാഠ്യപദ്ധതി പ്രതീക്ഷകൾ സാക്ഷാത്കരിക്കുന്നതിന് അധ്യാപകരെ തയ്യാറാക്കൽ<br>➤ അധ്യാപക പ്രവർത്തനങ്ങളുടെ നിരീക്ഷണവും ദിശാഗതിനിയന്ത്രണവും<br>➤ അധ്യാപകരുടെ തൊഴിൽപരമായ വികാസം |

| മുഖ്യമേഖലകൾ | കാമ്പുമാനദണ്ഡങ്ങൾ |
|---|---|
| വിദ്യാലയ നേതൃത്വവും സ്ഥിതിപരിപാലനവും | ∢ കാഴ്ചപ്പാട് രൂപീകരിക്കലും ലക്ഷ്യം നിശ്ചയിക്കലും<br>∢ മാറ്റങ്ങളിലേയ്ക്കും മെച്ചപ്പെടലിലേയ്ക്കും നയിക്കൽ<br>∢ പഠന-ബോധന പ്രവർത്തനങ്ങളുടെ പൊതുവായ നേതൃത്വം<br>∢ വിദ്യാലയ ഭരണനേതൃത്വം |
| ഉൾച്ചേർക്കൽ, ആരോഗ്യം സുരക്ഷ | ∢ സങ്കലിത സംസ്കാരം<br>∢ ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾച്ചേർക്കൽ<br>∢ ഭൗതികസുരക്ഷ<br>∢ മാനസികസുരക്ഷ<br>∢ ആരോഗ്യവും ശുചിത്വവും |
| സക്രിയ സാമൂഹിക പങ്കാളിത്തം | ∢ SMC/SDMC- സംഘാടനവും നടത്തിപ്പും<br>∢ വിദ്യാലയവികസനത്തിലെ പങ്ക്, ഉത്തരവാദിത്തം<br>∢ വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം<br>∢ സമൂഹം ഒരു പഠനവിഭവം<br>∢ സമൂഹത്തെ ശക്തിപ്പെടുത്തൽ |



# 3. ഓരോ മുഖ്യമേഖലയുടെയും ഘടന

## മുഖ്യമേഖലയെക്കുറിച്ച്

ഓരോ മുഖ്യമേഖലയും പരിശോധിച്ചാൽ അതിന്റെ പ്രാരംഭം ഒരു ചെറിയ ആമുഖത്തോടെയാണെന്നു കാണാം. വിദ്യാലയപ്രവർത്തനത്തിന്റെ ഓരോ പ്രത്യേക ധർമത്തിന്റെയും ചുമതലയുടെയും പ്രാധാന്യം വെളിച്ചത്തു കൊണ്ടുവരാനാണിങ്ങനെ ചെയ്തിരിക്കുന്നത്. ഓരോ മുഖ്യമേഖലയുടെയും സവിശേഷ പ്രാധാന്യം ഇതിൽ വിവരിക്കുന്നു.

ഓരോ മുഖ്യമേഖലയുടെയും ഘടനയ്ക്ക് ഒരു ക്രമീകൃതസ്വഭാവമുണ്ട്. ചിന്തോദ്ദീപകമായ ചോദ്യങ്ങൾ, വസ്തുനിഷ്ഠവിവരങ്ങൾ, കാമ്പു മാനദണ്ഡങ്ങൾ, അവയുടെ വിശദവിവരണങ്ങൾ, സഹായകത്തെളിവുകൾ എന്നിവയൊക്കെ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളുടെ മൂല്യം ആഭ്യന്തരമായും ബാഹ്യമായും വസ്തുനിഷ്ഠമായി നിർണയിക്കാൻ സഹായകമായ വിധത്തിൽ ഇതിൽ നൽകിയിട്ടുണ്ട്. അവസാനം ഒരു പ്രതികരണപത്രികയും ഇതോടൊപ്പമുണ്ടാവും.

## ചിന്തോദ്ദീപക ചോദ്യങ്ങൾ

ഓരോ മുഖ്യമേഖലയുടെയും പ്രധാന ഉള്ളടക്കത്തിന് ആമുഖമായി ചിന്തകൾ ഉണർത്തുന്ന ഒരു പിടി ചോദ്യങ്ങളുണ്ടാവും. അവ വിസ്തൃതമായ അടിസ്ഥാനമുള്ള ചോദ്യങ്ങളാണ്. ഓരോ മുഖ്യമേഖലയുമായി ബന്ധപ്പെട്ട വസ്തുതകൾ വിലയിരുത്താൻ ശ്രമിക്കുന്നതിനു മുമ്പു തന്നെ വിദ്യാലയത്തിന്റെ നടത്തിപ്പുകാർക്ക് പരിശോധന നടത്തുവാനും, ആവശ്യമായ കർമപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനു കൂടിയാലോചിക്കുവാനും അവരെ സജ്ജമാക്കുകയാണ് ഇവയുടെ ലക്ഷ്യം. ഈ ചോദ്യാവലി വിദ്യാലയാധികൃതരും ബന്ധപ്പെട്ടവരും അഭിമുഖീകരിക്കുന്നതായ പ്രശ്നങ്ങളെ വിജയകരമായി നേരിടാനാവശ്യമായ വിവരവും അതിനുവേണ്ട ഉൾക്കാഴ്ചയും നൽകുന്നവയുമാണ്. അതോടൊപ്പം ആരുടെയും വിലയിരുത്തലിന് വിധേയമാകാനും കാര്യക്ഷമമായ വിധത്തിൽ വിദ്യാലയത്തെ സജ്ജമാക്കുവാനും ഈ ചോദ്യങ്ങൾക്ക് കഴിയുന്നു.

## വസ്തുതാപര വിവരങ്ങൾ

തീർത്തും അറിഞ്ഞിരിക്കേണ്ട കുറെ വസ്തുതകൾ ഒരു കൂട്ടം ചോദ്യങ്ങളിലൂടെയാണ് അഥവാ നിരവധി പ്രധാന വിവരങ്ങളുടെ ശേഖരണത്തിലൂടെയാണ് വിദ്യാലയത്തിന്റെ പ്രത്യേക ശ്രദ്ധയിലേയ്ക്കു കൊണ്ടുവരുന്നത്. അവ ഓരോ മുഖ്യമേഖലയിലും ഒരു വിദ്യാലയത്തിനു കൈവരിക്കാനായ പൊതുപദവിയെ ഉയർത്തുന്നതിനെ ലക്ഷ്യമാക്കുന്നു. ചില വസ്തുതകൾ ഏതാനും സ്ഥിതിവിവരക്കണക്കുകളുടെ രൂപത്തിലാകാം, ലഘുവായ പ്രതികരണങ്ങളാവാം. മുഖ്യമേഖലയുടെ നിലവാരമുയർത്തലിന് ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ മറ്റൊരു വഴിക്കും ലഭ്യമാകണമെന്നില്ല. മൂല്യനിർണയത്തിന് അവ കൂടുതൽ ഈടു നൽകുകയും ചെയ്യുന്നു.

അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ വിദ്യാലയത്തിൽത്തന്നെ ഉണ്ടായിരുന്നാൽ ശരിയായി സ്വയംവിലയിരുത്തുവാനും ഓരോ മുഖ്യമേഖലയിലും അവശ്യമായ കാര്യങ്ങൾ വിജയകരമായി നിർവഹിക്കുവാനും വിദ്യാലയത്തിന് കഴിയുന്നതാണ്. അതോടൊപ്പം പുറത്തു നിന്ന് മൂല്യനിർണയം നടത്തുന്നവർക്ക് വിദ്യാലയത്തെ കൂടുതൽ അടുത്തറിയുന്നതിനും മൂല്യനിർണയത്തിനു മുന്നോടിയായി പ്രവർത്തിക്കുന്നതിനും കഴിയുന്നു. കൂടാതെ നിശ്ചിത വിവരണങ്ങളുടെ അടിസ്ഥാനത്തിലുള്ള തീർപ്പുകല്പിക്കലിന് അത് ദിശാബോധം നൽകുകയും ചെയ്യുന്നു.

## കാമ്പുമാനദണ്ഡങ്ങൾ

ഓരോ മുഖ്യമേഖലയിലും ഉൾപ്പെടുന്ന കാമ്പുമാനദണ്ഡങ്ങൾ അതത് മുഖ്യമേഖലയുടെ ഏറ്റവും പ്രധാനമായ മാനങ്ങളെയാണ് കൈകാര്യം ചെയ്യുന്നത്. ഈ കാമ്പുമാനദണ്ഡങ്ങൾ ഒരു വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രതീക്ഷകളും മികവിന്റെ കാര്യങ്ങളും നിർണയിക്കാൻ സഹായകമാണ്. അവ മൂല്യനിർണയത്തിനുള്ള പൊതു അടിത്തറയുണ്ടാക്കുന്നു. പ്രതീക്ഷിക്കുന്ന പ്രവർത്തനമികവ് മൂന്നു തലങ്ങളിലൂടെ ഘട്ടം ഘട്ടമായി നേടിയെടുക്കാനാകും.

ഒരു പ്രത്യേക മുഖ്യമേഖലയിൽ വിദ്യാലയം കൈവരിക്കേണ്ടതായ സമഗ്രമായ പുരോഗതിയെ കണക്കിലെടുക്കുന്നതിന് സഹായകരവും അവശ്യവുമായ ഏതാനും വിമർശനാത്മകമായ നിർദേശങ്ങൾ അഥവാ ഘടകങ്ങൾ കൂടി അടങ്ങിയതാണ് ഈ മാനദണ്ഡങ്ങൾ. ഇവയുടെ മറ്റൊരു മെച്ചം, കൂടുതൽ കൂടുതൽ മികച്ച പ്രവർത്തനനിലവാരത്തിനായി ശ്രമിക്കുന്ന വിദ്യാലയങ്ങൾക്ക് ശരിയായ ദിശാബോധവും, പിൻബലവും പ്രചോദനവും ഇവ നൽകുന്നു എന്നതാണ്.

## മാനദണ്ഡങ്ങളുടെ വിവരണങ്ങൾ

ഈ വിവരണങ്ങൾ വാസ്തവത്തിൽ ഓരോരോ പ്രസ്താവനകളാണ്. ഓരോ കാമ്പുമാനദണ്ഡത്തിന്റെയും നിലവാരത്തിന് എത്രമാത്രം കാര്യക്ഷമതയുണ്ടായി എന്ന് നിർവചിക്കാനുള്ള പ്രസ്താവങ്ങളാണ്. ഓരോ കാമ്പുമാനദണ്ഡവും ഒരോ ദിശയിൽ എന്തുമാത്രം ഉയരാമെന്നു കൂടി നിർവചിക്കപ്പെടുന്നു. ഈ നിർദ്ദിഷ്ട വിവരങ്ങളൊക്കെ കണ്ണുമടച്ച് നടപ്പിലാക്കണമെന്നില്ല. നിർദിഷ്ട നിലവാരമെത്തുവാൻ അവയുടെ സഹായത്തോടെ പല വഴിക്കും ഒരു വിദ്യാലയത്തിനു പ്രവർത്തിക്കാവുന്നതാണ്. മൂന്നു തട്ടുകളായി, ഒരു ശ്രേണിയിലെന്നപോലെയാണ് ഈ ആശയവിവരണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ വിദ്യാലയത്തിനും അതിന്റെ പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും, നിശ്ചിത ലക്ഷ്യത്തിലെത്തുവാനും വിദ്യാലയത്തിന് അതിന്റെ മികവിന്റെ അടുത്ത പടിയെക്കുറിച്ച് വ്യക്തമായ ധാരണകൾ ഉണ്ടാക്കുവാനും ഈ നിർദേശങ്ങൾക്ക് കഴിയുന്നു. ഈ നിർദേശങ്ങൾക്ക് ക്രമാനുഗതമായി ഉയർന്നുയർന്നു വരുന്ന സ്വഭാവമുള്ളതിനാൽ, ഒരു പ്രത്യേക ഘട്ടത്തിലോ നിലയിലോ സ്വയം പ്രതിഷ്ഠിക്കുന്ന ഒരു വിദ്യാലയത്തിന് വളർച്ചയുടെ അടുത്ത ഘട്ടത്തിലെത്തും മുമ്പു തന്നെ പഴയ ഘട്ടത്തിൽ പ്രതീക്ഷിക്കപ്പെടുന്ന നിലവാരം പൂർത്തിയാക്കാനും അവ സഹായിക്കുന്നു. ഒരുദാഹരണമെടുത്താൽ, ഒരു കാമ്പുമാനദണ്ഡത്തിന്റെ നിർവചിക്കപ്പെട്ട നില മൂന്നാമത്തേതാണെങ്കിൽ തീർച്ചയായും ഒന്നും രണ്ടും ഘട്ടങ്ങളിൽ പ്രതീക്ഷിച്ച വികസനനിലവാരം എത്തിപ്പെടുമെന്നുറപ്പാണ്.

## തെളിവിടങ്ങൾ

ഒരു പ്രത്യേക നിലവാരം എത്തിയതായി ഒരു വിദ്യാലയം സ്വയം വിലയിരുത്തുമ്പോൾ അങ്ങനെ കല്പിക്കുന്നതിനാധാരം തീർച്ചയായും കുറെ തെളിവുകളാണ്. ഓരോ മുഖ്യ നിലവാരത്തിൽ എത്തിച്ചേർന്നെന്ന് വിദ്യാലയം കരുതുകയും അതനുസരിച്ചുള്ള അംഗീകാരം അവകാശപ്പെടുകയും ചെയ്യുമ്പോൾ തീർച്ചയായും ആ വിദ്യാലയം അതിനാസ്പദമായ വേണ്ടത്ര തെളിവുകൾ സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. ഓരോ കാമ്പുമേഖലയുടെയും വിവരണത്തിന്റെ അവസാനഭാഗത്ത് തെളിവുകളുടെ വ്യക്തമായ ഉറവിടങ്ങൾ പട്ടികയായി കൊടുത്തിട്ടുണ്ട്. ആ പട്ടികയിൽനിന്ന് പ്രസക്തമായ ഉറവിടങ്ങൾ വിദ്യാലയങ്ങൾക്കു തെരഞ്ഞെടുക്കാം. വിദ്യാലയത്തിന്റെ അവകാശവാദത്തിന് ആവശ്യമായതും ഉപോത്ബലകമായതുമാണു തെരഞ്ഞെടുക്കേണ്ടത്. അതോടൊപ്പം ഒരു തെളിവിനു പകരമായി മറ്റൊന്നും അവതരിപ്പിക്കാവുന്നതാണ്. ചില ബദൽ ദൃഷ്ടാന്തങ്ങൾ വിദ്യാലയത്തിനു നിർദേശിക്കുകയും ചെയ്യാം. തെളിവുകൾ ഒക്കെയും ഡോക്കുമെന്ററി സ്വഭാ

വത്തിലുള്ള രേഖകൾ / ഫോട്ടോഗ്രാഫുകൾ / സ്ഥിതിവിവരകണക്കുകൾ / ദൃശ്യശ്രാവ്യ വസ്തുക്കൾ എന്നീ രൂപത്തിൽ വേണം നൽകുവാൻ. അവ വിദ്യാലയത്തിൽ സൂക്ഷിക്കുകയും ചെയ്യണം. ഒരു വിദ്യാലയത്തിന് തുടർന്ന് കൂടുതൽ കൂടുതൽ തെളിവുകളുടെ ഉറവിടങ്ങൾ തേടേണ്ടതായിവരും. പഠിതാക്കളുടെ ശബ്ദങ്ങൾ, വർത്തമാനങ്ങൾ, ക്ലാസ്മുറിയിലെ നിരീക്ഷണങ്ങൾ, രക്ഷാകർത്താക്കളുടെ വീക്ഷണങ്ങൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദേങ്ങൾ എന്നീ രൂപങ്ങളിൽ അവ ശേഖരിക്കാവുന്നതാണ്. കൂടാതെ U-DISE സ്കൂൾ റിപ്പോർട്ട്കാർഡും ഡേറ്റയായി ഉപയോഗിക്കാം.

**തെളിവുകളെ മൂന്നായി തിരിക്കാവുന്നതാണ്**

- ആധാരപരമായ തെളിവുകൾ മറ്റു മാനദണ്ഡങ്ങൾ/ചട്ടക്കൂടുകൾ, രജിസ്റ്ററുകൾ, സർക്കാർ ഓർഡറുകൾ എന്നിവ
- സഹായകത്തെളിവുകൾ/വിദ്യാലത്തിൽത്തന്നെ ലഭ്യമായ രേഖകൾ
- വിദ്യാലയം ആവശ്യാനുസൃതം രൂപപ്പെടുത്തുന്ന തെളിവുകൾ

## പ്രതികരണപത്രിക

ഓരോ മുഖ്യമേഖലയ്ക്കും അതിന്റേതായ പ്രതികരണപത്രികയുണ്ട്. വിദ്യാലയം ഈ പ്രതികരണപത്രിക ഉപയോഗിക്കുന്നത് ഓരോ മുഖ്യമാനദണ്ഡവുമായി ബന്ധപ്പെടുത്തി വേണം. മാനദണ്ഡവിവരണങ്ങളുടെ അടിസ്ഥാനത്തിൽ കൂട്ടായി ആലോചിച്ചാണ് പ്രതികരണങ്ങൾ രേഖപ്പെടുത്തേണ്ടത്. ഓരോ മാനദണ്ഡത്തിനും എതിരെ ഒരു തലം മാത്രമേ തെരഞ്ഞെടുക്കാവൂ. ഓരോ നിലയ്ക്കും അതിനെപ്പറ്റിയുള്ള പ്രതികരണം മാത്രമേ വേണ്ടൂ.

ഈ പ്രതികരണപത്രിക, വാസ്തവത്തിൽ വിപുലമായ ഒരു വിശദവിവരപട്ടികയാണെന്നു വേണം കരുതാൻ. ഓരോ മുഖ്യമേഖലയിലും അതത് വിദ്യാലയത്തിനുള്ള വർത്തമാന കാലത്തെ പദവിയും സ്ഥാനവും എന്തൊക്കെയെന്നതിന്റെ ശരിയായ ചിത്രം അതു നൽകുന്നു. വിലയിരുത്തൽ പ്രക്രിയയുടെ അവസാനദശയിൽ ഓരോ വിദ്യാലയവും മേൽപ്പറഞ്ഞ വിധത്തിലുള്ള ഏഴു പ്രതികരണപത്രികകൾ തയ്യാറാക്കേണ്ടതാണ്.

## നൂതനാശയപ്രയോഗങ്ങൾ

ഓരോ മുഖ്യമേഖലയും വിദ്യാലയത്തിന് പുതിയ പുതിയ ആശയങ്ങൾ ഉൾക്കൊള്ളാനും പരിശീലിക്കാനും അവതരിപ്പിക്കാനും വളരെ നല്ല അവസരം നൽകുന്നുണ്ട്. വിദ്യാലയത്തിന്റെ ശക്തിക്കും ശേഷിക്കും അനുസൃതമായി, അത്രത്തോളം പരിചയപ്പെടാത്ത മുഖ്യമാനദണ്ഡങ്ങളുടെയും നിർദേശവിവരണങ്ങളുടെയും വെളിച്ചത്തിൽ, അവസരോചിതമായ പുതുമയുള്ള പലതും പ്രായോഗികമാക്കാവുന്നതാണ്. ഈ ഒരു പ്രത്യേക ഇനം ഓരോ വിദ്യാലയത്തിനും അതിന്റെ പരിതസ്ഥിതികളാവശ്യപ്പെടുന്ന സവിശേഷമായ നൂതനാശയപ്രവർത്തനങ്ങൾക്ക് രൂപം നൽകാനും രേഖപ്പെടുത്താനുമുള്ള ഔപചാരികമായ ഒരിടം ലഭ്യമാക്കുന്നു. ഓരോ വിദ്യാലയവും തങ്ങൾക്ക് നൂതനാശയ പ്രവർത്തനങ്ങളുണ്ടെങ്കിൽ ഇവിടെ രേഖപ്പെടുത്തേണ്ടതാണ്.

## വിദ്യാലയപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള ആസൂത്രണം

ഓരോ പ്രതികരണപത്രികയുടെയും ഗുണഫലങ്ങൾ ഉപയോഗിച്ചുകൊണ്ട് ഓരോ വിദ്യാലയം ഓരോ കാമ്പുമാനദണ്ഡവും മെച്ചപ്പെടുത്താൻ വേണ്ട കാര്യങ്ങൾ ആസൂത്രണം ചെയ്ത് എഴുതിവയ്ക്കണം. ഈ ലെവലിംഗ് (ഘട്ടംഘട്ടമായുള്ള വിഭജനരീതി) പ്രയോജനപ്പെടുത്തിക്കൊണ്ട് ഓരോ വിദ്യാലയത്തിനും കൂടുതൽ കാര്യക്ഷമമായ പുരോഗതി കൈവരിക്കാൻ പ്രവർത്തിക്കേണ്ട മേഖലകൾ ഏതൊക്കെയാണെന്ന് തിരിച്ചറിയാൻ കഴിയും. ഇതിലേയ്ക്കായി ഓരോ വിദ്യാലയവും അതിന് ഉചിതവും ആവശ്യമുള്ളതുമായ മെച്ചപ്പെട്ട പ്രവൃത്തികൾ വേണ്ട ഇടങ്ങൾ കൂട്ടായി ആലോചിച്ച് തെരഞ്ഞെടുക്കണം. അതോടൊപ്പം, പ്രായോഗികമാക്കാൻ ഇപ്പോഴുള്ള പരിമിതികൾ പരിഗണിച്ച് പ്രസക്തമല്ലാത്ത ഇടങ്ങൾ ഉപേക്ഷിക്കുകയും ചെയ്യാം. അപ്രകാരം ചെയ്യുമ്പോൾ മെച്ചപ്പെടുത്തൽ

ആവശ്യമായി തിരിച്ചറിഞ്ഞതായ ഇടങ്ങൾ മൂന്ന് തട്ടുകളായി മുൻഗണനാക്രമത്തിൽ (കുറഞ്ഞത്, മധ്യമം, കൂടിയത് - Low, Medium, High എന്നിങ്ങനെ) ടിക് ചിഹ്നമിട്ട് ഘട്ടംഘട്ടമായി പ്രവർത്തിച്ച് നിശ്ചിത കാലയളവിൽ മെച്ചപ്പെടുത്തലിന്റെ മുഖ്യ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കണം. വികസനപ്രവൃത്തികൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചുറപ്പിക്കുമ്പോൾ തീർച്ചയായും വിദ്യാലയത്തിന് അതിന്റെ പുരോഗതിക്ക് ആവശ്യമുള്ള കാര്യങ്ങൾ ഏവ, വിദ്യാലയത്തിന്റെ പൊതുനയം എന്ത്, പ്രാദേശികസാഹചര്യങ്ങൾ എന്തൊക്കെ, വിദ്യാലയത്തിന്റെ മാത്രമായ പ്രശ്നങ്ങൾ, വേഗം പരിഹരിക്കേണ്ടവ എന്നീ കാര്യങ്ങൾ കണക്കിലെടുത്തേ മതിയാവൂ. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ മെച്ചപ്പെടുത്തൽ ആസൂത്രണം ചെയ്യാൻ പാടുള്ളൂ.

തുടർന്ന് ഓരോ വിദ്യാലയത്തിനും ഒരു പ്രാഥമിക ആസൂത്രണം രൂപീകരിക്കേണ്ടതായിവരും. (മെച്ചപ്പെടുത്തലിനുള്ള ഒരു ആസൂത്രണപട്ടിക) ഈ പട്ടിക ഓരോ വിദ്യാലയത്തിന്റെയും തികച്ചും പ്രത്യേകമായ സ്ഥിതികളുടെ അടിസ്ഥാനത്തിലേ ആസൂത്രണം ചെയ്യാനാവൂ. തെരഞ്ഞെടുത്ത ഓരോരോ മേഖലകളും അടിയന്തിരമായി ആവശ്യപ്പെടുന്ന കാര്യങ്ങൾ വിശദമായി അക്കമിട്ട് മുന്നോട്ടു വയ്ക്കുക. എല്ലാ മുഖ്യമേഖലകളിലും മാനദണ്ഡങ്ങളുടെ മുകളിലും ഒരേ സമയം തന്നെ ചിട്ടയില്ലാതെ വിദ്യാലയം പ്രവർത്തിക്കണമെന്നില്ല. ഒരു നിശ്ചിത സമയത്തിനുള്ളിൽ തിരക്കിട്ട് ചെയ്തു തീർക്കുകയും വേണ്ട. ഇത്തരം പ്രവർത്തനങ്ങൾ സുതാര്യമായി നടത്തുന്നതിനായി ഒന്ന്, രണ്ട്, മൂന്ന് (1-ാം വർഷം, 2-ാം വർഷം, 3-ാം വർഷം) എന്നിങ്ങനെ ഒരു രേഖ വച്ചുകൊണ്ട് ഓരോന്നിനും എതിരെ പൂർത്തിയാകുന്ന ക്രമത്തിൽ ശരിചിഹ്നം അടയാളപ്പെടുത്തി മുന്നോട്ടു പോകുകയാണു വേണ്ടത്. ഈ വക പ്രവർത്തനങ്ങൾ ഒക്കെയും പ്രതികരണപത്രികയെന്ന രേഖയുടെ അടിസ്ഥാനത്തിൽ വിദ്യാലയത്തിന്റെ വിവരശേഖരണത്തിന്റെയും അറിവിന്റെയും ഫലമായുള്ള ഓരോരോ തെരഞ്ഞെടുപ്പുകളെ ആശ്രയിച്ചാണിരിക്കുന്നത്. മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ, മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങൾ എന്നിവ ചുരുക്കി ആശയവ്യക്തതയോടെ, അതതു കോളങ്ങളിൽത്തന്നെ വൃത്തിയായി രേഖപ്പെടുത്തേണ്ടതാണ്.



## 3.1. മുഖ്യമേഖലയുടെ ഘടന – ഒറ്റ നോട്ടത്തിൽ

**മുഖ്യ മേഖലയെക്കുറിച്ച്**

ഇതിൽ മുഖ്യമേഖലയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു.

**ചിന്തോദ്ദീപക ചോദ്യങ്ങൾ**

ഓരോ മുഖ്യമേഖല സംബന്ധിച്ചുള്ള പ്രവർത്തനങ്ങളെയും വിദ്യാലയം സ്വയം വിലയിരുത്തുന്നതിന് മുമ്പ് കൂട്ടായ ആത്മപരിശോധന നടത്താൻ പ്രേരിപ്പിക്കുന്ന പ്രസക്തവും വിപുലവുമായ ഒരു കൂട്ടം ചോദ്യങ്ങളാണിവ.

**വസ്തുതാപര വിവരങ്ങൾ**

ഓരോ പ്രത്യേക മേഖലയിലും വിദ്യാലയം എത്തിനിൽക്കുന്ന പദവിയെ ഉന്നമാക്കിയുള്ള ഒരു കൂട്ടം സ്ഥിതിവിവര വസ്തുതകൾ, ചോദ്യങ്ങൾ എന്നിവ അടങ്ങുന്ന വസ്തുനിഷ്ഠകാര്യങ്ങളാണ് ഇതിലുള്ളത്.

**കാമ്പുമാനദണ്ഡങ്ങൾ**

വിദ്യാലയത്തിന്റെ ഗുണപരമായ നിലവാരം നിർണയിക്കാൻ സഹായിക്കുന്ന പൊതു അടിത്തറയുണ്ട്. ഗുണപരമായ കാര്യത്തിൽ ചില നിശ്ചിത ലക്ഷ്യങ്ങൾ വിദ്യാലയം കൈവരിക്കുന്ന കാര്യത്തിൽ പ്രതീക്ഷ ഉയർത്തുന്ന ഗണ്യമായ നിർദേശങ്ങളാണ് ഈ കാമ്പുമാനദണ്ഡങ്ങൾ.

**മാനദണ്ഡ വിവരണങ്ങൾ**

ഓരോ മുഖ്യമാനദണ്ഡത്തിന്റെ കാര്യത്തിലും വിദ്യാലയപ്രവർത്തനം ഫലപ്രാപ്തിയിൽ എത്താൻ എന്താണ് വേണ്ടതെന്ന് നിർവചിക്കുന്നതായ പ്രസ്താവനകളാണ് മാനദണ്ഡവിവരണങ്ങൾ.

**തെളിവിടങ്ങൾ**

ഓരോ പ്രത്യേക നിലവാരത്തിലും ഒരു വിദ്യാലയം എത്രത്തോളം എത്തിയിട്ടുണ്ട് എന്ന് അറിഞ്ഞ് സ്വയം പ്രതിഷ്ഠിക്കുവാനും വിലയിരുത്തുവാനും തെളിവുകൾ വളരെയേറെ സഹായകമാണ്.

**നൂതനാശയ പ്രയോഗങ്ങൾ**

ഓരോ മുഖ്യമേഖലയും കാമ്പുമാനദണ്ഡവും വിദ്യാലയങ്ങൾക്ക് ഭാവനാപൂർണവും ഉചിതവുമായ ഒട്ടേറെ പുതിയ ആശയങ്ങൾ രൂപീകരിക്കുവാൻ നല്ല അവസരം വാഗ്ദാനം ചെയ്യുന്നുണ്ടെന്നു കാണാം. ചിലപ്പോൾ ആ വക പുതിയ ആശയങ്ങൾ ഈ രേഖയിലെ കാമ്പുമാനദണ്ഡങ്ങളും, വിവരണങ്ങളും വിഭാവനം ചെയ്തവ ആയിരിക്കണമെന്നില്ല.

**പ്രതികരണ പത്രിക**

ഓരോ കാമ്പുമാനദണ്ഡവുമായി ബന്ധപ്പെട്ട് വിദ്യാലയം രേഖപ്പെടുത്തേണ്ട പ്രതികരണങ്ങളുടെ പത്രികയാണിത്.

**മെച്ചപ്പെടുത്തൽ ആസൂത്രണം**

വിദ്യാലയത്തിന് ഏതു മേഖലയിലാണ് മെച്ചപ്പെടുത്തൽ ആവശ്യമായിരിക്കുന്നത് എന്ന് തിരിച്ചറിയാൻ പ്രതികരണപത്രിക സഹായിക്കുന്നു. ഇത് ഫലപ്രദമായി നിർവഹിക്കണമെങ്കിൽ ഏതു മേഖലയിലാണ് മെച്ചപ്പെടുത്തൽ ആവശ്യമായത് എന്ന് വിദ്യാലയാധികൃതർ കൂട്ടായി ചേർന്ന് തീരുമാനിക്കേണ്ടതുണ്ട്. അതേ സമയം, ഏതെല്ലാം മേഖലകൾ വർത്തമാനകാല പരിമിതികൾ പരിഗണിച്ച് മാറ്റിവയ്ക്കണമെന്ന് തിരിച്ചറിയാനും പ്രതികരണപത്രിക സഹായിക്കുന്നു.

# 4. വിദ്യാലയമൂല്യനിർണയത്തിന്റെ പൊതുമാർഗനിർദേശങ്ങൾ

അനുപൂരക മൂല്യനിർണയം

## സ്വയം മൂല്യനിർണയ മാർഗനിർദേശങ്ങൾ

- വിദ്യാലയ മൂല്യനിർണയത്തിന് എല്ലാവരെയും സജ്ജമാക്കൽ
- തെളിവുകൾ സമാഹരിക്കൽ
  - വിദ്യാലയ ഭാഗഭാക്കുകളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.
  - വിദ്യാലയത്തിന്റെ പൂർണ നിരീക്ഷണം
  - ക്ലാസ്മുറി നിരീക്ഷിക്കൽ
  - വിദ്യാലയരേഖകൾ പുനഃപരിശോധിക്കൽ
- വിദ്യാലയത്തിന്റെ മൊത്തം പ്രവർത്തനങ്ങൾ, വിദ്യാലയത്തിന്റെ വർത്തമാനകാലസ്ഥിതി എന്നിവ തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്യുക.
- മെച്ചപ്പെടുത്തലിനുള്ള അവസരങ്ങൾ, അവയ്ക്കുള്ള സാധ്യതകൾ, വിദ്യാലയത്തിന്റെ ശക്തികൾ, ദൗർബല്യങ്ങൾ എന്നിവ തിരിച്ചറിയുക.
- വിദ്യാലയത്തിന്റെ നിരന്തര മെച്ചപ്പെടൽ രൂപരേഖയിലേയ്ക്കുള്ള പ്രവർത്തന സൂചനകൾ (Action for Continuous School Improvement Plan - ACSIP) തയ്യാറാക്കുക.
- വിദ്യാലയത്തിന്റെ നാനാമുഖ വികസന ആസൂത്രണവും (SDP) ACSIP-ഉം തമ്മിൽ കോർത്തിണക്കുക.

## ബാഹ്യമൂല്യനിർണയ മാർഗനിർദേശങ്ങൾ

- വിദ്യാലയ മൂല്യനിർണയത്തിന് സജ്ജമാകൽ.
- തെളിവുകൾ സമാഹരിക്കൽ
  - വിദ്യാലയ ഭാഗഭാക്കുകളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.
  - വിദ്യാലയത്തിന്റെ പൂർണ നിരീക്ഷണം
  - ക്ലാസ്മുറി നിരീക്ഷിക്കൽ
  - വിദ്യാലയരേഖകൾ പുനഃപരിശോധിക്കൽ
- വിദ്യാലയത്തിന്റെ മൊത്തം പ്രവർത്തനങ്ങൾ, വിദ്യാലയത്തിന്റെ പദവി (വർത്തമാനകാല സ്ഥിതി) എന്നിവ തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്യുക.
- മെച്ചപ്പെടുത്തലിനുള്ള അവസരങ്ങൾ, അവയ്ക്കുള്ള സാധ്യതകൾ, വിദ്യാലയത്തിന്റെ ശക്തികൾ, ദൗർബല്യങ്ങൾ എന്നിവ തിരിച്ചറിയുക.
- തുടർച്ചയായുള്ള മെച്ചപ്പെടുത്തൽ ആസൂത്രണപ്രവർത്തന രൂപരേഖ (ACSIP) പരിശോധിക്കുക.
- വിദ്യാലയത്തിന്റെ നാനാമുഖ വികസന ആസൂത്രണവും (SDP) ആക്സിപ്പും(ACSIP) തമ്മിലുള്ള ഉദ്ഗ്രഥനം പരിശോധിക്കുക.

## 5. വിദ്യാലയപ്രവർത്തനങ്ങളുടെ മൂല്യനിർണയം പ്രദർശിപ്പിക്കുന്ന 'ഡാഷ്ബോർഡ്'




വിദ്യാലയ മെച്ചപ്പെടലിന് മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ മുഖ്യ പ്രകടനമേഖലകളിലെ കാമ്പുമാനദണ്ഡങ്ങളുടെ നില വ്യക്തമാക്കുന്ന ഒരു ക്രോഡീകൃത സ്വയം മൂല്യ നിർണയ റിപ്പോർട്ട് ഓരോ സ്കൂളിനും പ്രദാനം ചെയ്യുക എന്ന കൃത്യമാണ് വിദ്യാലയ മൂല്യനിർണയ ഡാഷ്ബോർഡ് ഭംഗിയായി നിർവഹിക്കുന്നത്. വഴികാട്ടിപോലെ പ്രവർത്തിക്കുന്ന ഇതിന് 3 ഭാഗങ്ങളാണുള്ളത് (1) വിദ്യാർഥികളെയും അധ്യാപകരെയും കുറിച്ചുള്ള അടിസ്ഥാനപരമായ വിവരങ്ങൾ വിശദമാക്കുന്ന ഭാഗം. (2) ഏഴു മുഖ്യമേഖലകളിലെ നാല്പത്തിയാറ് കാമ്പുമാനദണ്ഡങ്ങളിൽ വ്യാപിച്ചുകിടക്കുന്ന വിദ്യാലയ നിലവാരത്തിന്റെ പൂർണചിത്രം നൽകുന്ന വിദ്യാലയമൂല്യനിർണയ സമഗ്ര പത്രിക (സ്കൂൾ ഇവാലുവേഷൻ കാമ്പസിറ്റ് മാട്രിക്സ്). (3) വിദ്യാലയത്തിന്റെ തുടർച്ചയായുള്ള മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളുടെ രൂപരേഖ. ഇതിനു പുറമേ ബാഹ്യഏജൻസികൾക്ക് വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള മൂല്യനിർണയ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും ഇതിലിടമുണ്ട്. മറ്റൊരു പ്രത്യേകത ഈ വിദ്യാലയമൂല്യനിർണയ പ്രദർശന ബോർഡ് ഓൺലൈനിൽ, അതിനായി നിയുക്തമായിട്ടുള്ള ഒരു വെബ്പോർട്ടലിൽ ലഭ്യമാണെന്നതാണ്. അതേ സമയം, പരസ്പരം ആശയവിനിമയം ലക്ഷ്യമാക്കിയുള്ള "ഇന്റർ ആക്ടീവ് വെബ് പോർട്ടൽ" ഉപയോഗിച്ച് ഓരോ വിദ്യാലയത്തിനും അതിന്റെ സ്വയംമൂല്യനിർണയ റിപ്പോർട്ട് തയ്യാറാക്കാനും ഇതിലൂടെ കഴിയുന്നു. പുറത്തുള്ള വിധികർത്താക്കൾക്കെല്ലാം ഈ വെബ്പോർട്ടൽതന്നെ വിനിയോഗിച്ചുകൊണ്ട് അവരുടെ മൂല്യനിർണയം റിപ്പോർട്ടു ചെയ്യാവുന്നതാണ്. വളരെ സമഗ്രമായ ഒരു മൂല്യനിർണയറിപ്പോർട്ട് (വിദ്യാലയത്തിന്റെയും പുറത്തുള്ളവരുടെയും എല്ലാം ഉൾക്കൊണ്ടിട്ടുള്ള) തയ്യാറാക്കി ബന്ധപ്പെട്ട ഏവരുടെയും അറിവിനായി പ്രസിദ്ധപ്പെടുത്താൻ ഇതുവഴി കഴിയുന്നതാണ്.

ഈ വിദ്യാലയമൂല്യനിർണയ-പ്രദർശനബോർഡിന്റെ മറ്റൊരു പ്രധാനമായ നേട്ടമായി ചൂണ്ടിക്കാട്ടാവുന്നത് മൂല്യനിർണയത്തിന്റെ എല്ലാ വിവരങ്ങളും ബ്ലോക്ക്-ജില്ലാ-സംസ്ഥാനതലങ്ങളിൽ ക്രോഡീകരിച്ച് പഠന-പരിശോധനാവിധേയമാക്കുവാനും എല്ലാ തലങ്ങളിൽ നിന്നുമുള്ള അർഹമായ സഹായസഹകരണങ്ങൾ ഓരോ സ്കൂളിനും ലഭ്യമാക്കുവാനും കഴിയും എന്നതാണ്. ഓരോ വർഷവും വിദ്യാലയത്തിന് തുടർച്ചയായി ഉണ്ടാകുന്ന മുന്നേറ്റവും കുറവുകളും വിദ്യാലയത്തിന് നേരിട്ടു കണ്ട് ഇടപെടുന്നതിന് (മോണിറ്റർ ചെയ്യുന്നതിനും) നല്ല അവസരം കിട്ടുന്നുവെന്നതാണ് വേറൊരു കാര്യം. അതോടൊപ്പം ഗുണകരമെന്ന് തെളിയുന്ന കൂടുതൽ കൂടുതൽ അനുയോജ്യവും അനുപേക്ഷണീയവുമായ പല മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളും തുടർന്നു നടത്തുന്നതിന് നേരിട്ടുള്ള പ്രേരണയും ഈ മൂല്യനിർണയപ്രദർശനത്തിലൂടെ ലഭിക്കുന്നു. കൂടാതെ ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ അതത് തലങ്ങളിലുള്ള നയരൂപീകരണത്തിന് വളരെയേറെ ഉപകരിക്കുകയും ചെയ്യുന്നു.

## 6. വെബ്പോർട്ടൽ




ദേശീയതലത്തിൽ വിദ്യാലയ നിലവാരമൂല്യനിർണയത്തിനുള്ള ദേശീയ പരിപാടി (നാഷണൽ പ്രോഗ്രാം ഓൺ സ്കൂൾ സ്റ്റാൻഡേർഡ് ആന്റ് ഇവാലുവേഷൻ)യായ എൻ.പി.എസ്.എസ്.ഇ.-ക്ക് തികഞ്ഞ സമർപ്പണത്തോടെ പ്രവർത്തിക്കുന്ന ഇന്റർ ആക്ടീവ് വെബ്പോർട്ടലുണ്ട്. അതുവഴി പരിപാടിയുമായി ബന്ധപ്പെട്ട രേഖകളെല്ലാം തന്നെ ഏതൊരു ഉപഭോക്താവിനും ആവശ്യാനുസരണം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

ഓരോ വിദ്യാലയത്തിനും അതതിന്റെ സ്വയം മൂല്യനിർണയറിപ്പോർട്ട് സമർപ്പിക്കാനുള്ള ഒരു പരസ്പരവിവരവിനിമയ വേദിയാണ് ഈ വെബ്പോർട്ടൽ. ഇതേ വെബ്പോർട്ടൽ തന്നെ ഓൺ ലൈനായി ഉപയോഗിച്ച് വിദ്യാലത്തിന്റെ വിമർശനാത്മക സുഹൃത്തക്കൾക്കും സ്ഥാപനങ്ങൾക്കും അവരുടെ വിലയിരുത്തൽ റിപ്പോർട്ട് പോസ്റ്റ് ചെയ്യാവുന്നതാണ്. ഇങ്ങനെ ആഭ്യന്തര-ബാഹ്യസ്രോതസ്സുകളിൽനിന്നു ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു വിലയിരുത്തൽ റിപ്പോർട്ടു നിർമിക്കുവാൻ വിദ്യാലയത്തിനു സാധിക്കുന്നതാണ്.

ഓരോ വിദ്യാലയത്തിനും അതിന്റേതായ ഒരു ലോഗിൻ ഐ.ഡി. ഉണ്ടാവേണ്ടതുണ്ട്. അതിനായി (U-DISE) കോഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് അതിനൊരു പാസ്‌വേഡും ഉണ്ടാക്കണം. ഇതുപോലെ ഓരോ ബ്ലോക്കും ജില്ലയും സംസ്ഥാനവും അവരുടെ ഐ.ഡി. നിർമിച്ച് ഐ.ഡി. പാസ്‌വേർഡും സൃഷ്ടിച്ച് സൗകര്യപ്രദവും വിപുലവുമായ ഈ പരിപാടിയിൽ പങ്കുചേരേണ്ടതാണ്. ഈ വെബ്പോർട്ടലിന് തികച്ചും വിപ്ലവകരവും വളരെ അനന്യവുമായ ഒരു സവിശേഷതയുണ്ട്. ഏതു രക്ഷകർത്താവിനും, വിദ്യാഭ്യാസപ്രവർത്തകനും വിചക്ഷണനും ഇവർ ഉൾപ്പെടുന്ന പൊതുസമൂഹത്തിനും ഈ ഓൺലൈൻ സംവിധാനത്തിൽ ഫലപ്രദമായി പങ്കുചേരുവാനും വിദ്യാലയത്തിനു സഹായകമായ ഫീഡ്ബാക്കുകൾ നൽകാനും കഴിയും എന്നതാണ്, ആ അനന്യത.

### വിദ്യാലയ ഭാഗഭാക്കുകൾക്കെല്ലാം താഴെ കാണിച്ചപ്രകാരം വെബ്പോർട്ടൽ ഉപയോഗിക്കാവുന്നതാണ്

1. **വിദ്യാലയം**

   - ഓരോ വിദ്യാലയവും അതിന്റെ ലോഗിൻ ഐ.ഡി. നിർമിക്കുന്നു, U-DISE കോഡ് ഉപയോഗിച്ച് ഐ.ഡി.യോടൊപ്പം പാസ്‌വേഡും നിർമിക്കുന്നു.
   - വിദ്യാലത്തിന്റെ സ്വയം വിലയിരുത്തൽ വിവരങ്ങളും നിരന്തര മെച്ചപ്പെടലിനുള്ള പ്രവർത്തന സൂചനകളും ഫീഡ് ചെയ്യുന്നു.

- വിദ്യാലയം തയ്യാറാക്കുന്ന സ്വയംമൂല്യനിർണയവിവരങ്ങൾ സമർപ്പിച്ചു കഴിഞ്ഞാൽ വിദ്യാലയത്തിന്റെ മൂല്യനിർണയറിപ്പോർട്ട് ഡൗൺലോഡ് ചെയ്യുക.

**2. പുറത്തുള്ളവരുടെ മൂല്യനിർണം**

- ബാഹ്യഏജൻസികൾ ഓരോന്നും അതതിന്റെ സ്വന്തം ഐ.ഡിയും, പാസ്‌വേഡും തയ്യാറാക്കി ഏതു വിദ്യാലയത്തെയാണ് അവർ ലക്ഷ്യമാക്കുന്നത് എന്ന് വ്യക്തമാക്കുക.
- ഏതു വിദ്യാലയത്തിന്റെ സ്വയം മൂല്യനിർണയറിപ്പോർട്ടാണോ ഒരു കക്ഷിക്ക് ആവശ്യം അത് അടുത്ത കക്ഷിക്കും വിനിയോഗിക്കാവുന്നതാണ്.
- വിദ്യാലയപുരോഗതിയിൽ താല്പര്യമുള്ള സദുദ്ദേശ്യപ്രേരിതരായ ഏത് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടേതായ അഭിപ്രായപ്രകടനം ഓൺലൈനായി ഫീഡ്ബാക്ക് രൂപത്തിൽ നൽകാവുന്നതാണ്.

**3. വിദ്യാലയമൂല്യനിർണയത്തിന്റെ സമഗ്രറിപ്പോർട്ട്**

- വിദ്യാലയങ്ങളും ബാഹ്യ ഏജൻസികളും നടത്തുന്ന വിദ്യാലയ മൂല്യനിർണയ പരമായ റിപ്പോർട്ടുകളും, നിർദേശങ്ങളും അടങ്ങിയ സമഗ്രമായ ഒരു റിപ്പോർട്ടാണ് ഇങ്ങനെ ഓൺലൈനായി ലഭിക്കുന്നത്.

**4. ബ്ലോക്ക്, ജില്ലാ, സംസ്ഥാന, ദേശീയതലങ്ങളിലെ ഓൺലൈൻ പ്രവർത്തനം**

- ബ്ലോക്ക്, ജില്ല, സംസ്ഥാനം, ദേശീയം എന്നിങ്ങനെ എല്ലാതലങ്ങളിലും ആവശ്യമായ ലോഗിൻ ഐ.ഡി.കൾ പാസ്‌വേർഡ് സഹിതം നിർമിക്കുക.
- ഓരോ വിദ്യാലയത്തിന്റെയും മൂല്യനിർണയ റിപ്പോർട്ട് ബ്ലോക്ക് ജില്ലാതലത്തിൽ മോണിറ്റർ ചെയ്ത് പരിശോധിച്ച ശേഷം വിദ്യാലയ പുരോഗതി വിലയിരുത്തി - പ്രതികരണം ഓൺ ലൈനായി എത്തിക്കുക.
- വിദ്യാലയ കാര്യനിർവഹണങ്ങളുടെ മൂല്യനിർണയ സംഗ്രഹം തയ്യാറാക്കുകയും, ഓരോ മുഖ്യമേഖലയിലും, ഓരോ മുഖ്യ മാനദണ്ഡങ്ങളിലുമുള്ള വിദ്യാലയ പ്രവർത്തനങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ ബ്ലോക്ക് ജില്ലാതലങ്ങളിലും സംസ്ഥാന-ദേശീയതലങ്ങളിലും ഒരു നിശ്ചിത മാനത്തിൽ നിന്നുകൊണ്ട് അപഗ്രഥിക്കുകയും വിലയിരുത്തുകയും ചെയ്യുക.

# 7. വിദ്യാലയത്തിന്റെ സ്വയം വിലയിരുത്തലിനുള്ള വിശദമായ മാർഗനിർദേശങ്ങൾ

## വിദ്യാലയത്തിന്റെ സ്വയം വിലയിരുത്തൽ

വിദ്യാലയവിലയിരുത്തൽ പ്രക്രിയയുടെ മർമമായിട്ടാണ് സ്വയം വിലയിരുത്തലിനെ പരിഗണിക്കുന്നത്. ഒരു വിദ്യാലയത്തിന് അതിന്റെ നിർണായക പ്രാധാന്യമുള്ള പ്രകടനമേഖലകളെ മൂല്യനിർണ്ണം ചെയ്യാനും, സഹവർത്തിത രീതിയിൽ വിദഗ്ധമായ തീർപ്പു കല്പിക്കാനും അതിലൂടെ കഴിയുന്നു. സ്കൂളിന്റെ സ്വയം വിലയിരുത്തൽ പ്രക്രിയക്ക് പിന്തുണ നൽകാനുദ്ദേശിച്ചുകൊണ്ടാണ് ഈ മാർഗനിർദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. കൃത്യവും വിദഗ്ധവുമായ മൂല്യനിർണയം നടത്താൻ ഇവ പിന്തുടരുന്നതിലൂടെ സാധിക്കും.

## മുഖ്യചോദ്യങ്ങൾ

- നമ്മൾ എത്രമാത്രം നന്നായി പ്രവർത്തിക്കുന്നുണ്ട്?
- നമ്മുടെ ശക്തിദൗർബല്യങ്ങൾ എന്തൊക്കെയാണ്?
- അവ എങ്ങനെയാണ് നമുക്ക് കൃത്യമായി അറിയാനാവുക? അതിന് എന്തൊക്കെ തെളിവുകളാണ് നമ്മുടെ പക്കലുള്ളത്?
- കൂടുതൽ തെളിവുകൾ എങ്ങനെയാണ് കണ്ടെത്തുക?
- നമുക്ക് എങ്ങനെയാണ് നമ്മെ മെച്ചപ്പെടുത്താനാവുക?

## സ്വയംവിലയിരുത്തലിന്റെ ഉദ്ദേശ്യങ്ങൾ

⇒ ശക്തി-ദൗർബല്യങ്ങൾ കണ്ടെത്തുന്നതിനായും മെച്ചപ്പെടുത്താനുള്ള അടിയന്തിര നടപടികൾക്കു വേണ്ടിയും വിദ്യാലയത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങളെ വിമർശനാത്മകമായി അപഗ്രഥിക്കുക.

⇒ വിദഗ്ധമായ വിധിനിർണയം നടത്തി തീരുമാനങ്ങളെടുക്കുന്നതിനായി എല്ലാവരുടെയും സക്രിയമായ പങ്കാളിത്തമുള്ള ഒരു സഹവർത്തിത സംസ്കാരം സൃഷ്ടിക്കുക.

⇒ നിരന്തരമായ സ്വയം മെച്ചപ്പെടലിന്റെ യാത്രയ്ക്ക് വെളിച്ചം പകരുന്ന വിധത്തിൽ സ്വന്തം പ്രകടനങ്ങളെ മനസ്സിലാക്കാനുള്ള ശക്തി വിദ്യാലയത്തിന് പകരുക.

## ആരാണ് സ്വയംവിലയിരുത്തൽ നടത്തുക?

വിദ്യാലയമൊന്നടങ്കം അതിന്റെ എല്ലാ ഭാഗഭാക്കുകളെയും ഇടപെടുവിച്ചുകൊണ്ട്, സഹവർത്തിതമായാണ് വിലയിരുത്തൽ നടത്തുക. പ്രഥമാധ്യാപകൻ/പ്രിൻസിപ്പൽ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, എസ്.എം.സി./പി.ടി.എ. അംഗങ്ങൾ, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങിയ എല്ലാവരും ഈ പ്രക്രിയയിൽ പങ്കാളികളാകണം.

## സ്വയംവിലയിരുത്തൽ പ്രക്രിയയുടെ കാലയളവ്?

സ്വയംവിലയിരുത്തലിനെ ഒരു ഒറ്റത്തവണ പ്രവർത്തനമായല്ല കാണേണ്ടത്, മറിച്ച് അതൊരു തുടർപ്രക്രിയയാണ്. വിദ്യാലയത്തിന്റെ വലിപ്പം, ആവശ്യം, സന്ദർഭം എന്നിവയൊക്കെയനുസരിച്ച് രണ്ടു മുതൽ ആറു മാസം വരെ സ്കൂളിന്റെ സ്വയംവിലയിരുത്തൽ പ്രക്രിയ നീളാം.

## എപ്പോഴാണ് വെബ്പോർട്ടലിൽ ഡാഷ്ബോർഡ് അപ്‌ലോഡ് ചെയ്യേണ്ടത് ?

വിവരങ്ങൾ ക്രോഡീകരിച്ച ഡാഷ്ബോർഡ് ഓരോ അക്കാദമികവർഷത്തെയും നവംബർ – ഡിസംബർ മാസങ്ങളിലാണ് ശാലാസിദ്ധി വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടത്.

## എങ്ങനെയാണ് വിദ്യാലയത്തിന്റെ സ്വയംവിലയിരുത്തൽ നിർവഹിക്കേണ്ടത് ?

1. വിദ്യാലയത്തിന്റെ എല്ലാ ഭാഗഭാക്കുകളും വിദ്യാലയ നിലവാര മൂല്യനിർണയ ചട്ടക്കൂടിന്റെ (എസ്.എസ്.ഇ.എഫ്) ചർച്ചയിലൂടെയും പങ്കുവയ്ക്കലിലൂടെയും സ്വയംവിലയിരുത്തലിന്റെ ദീർഘകാല നേട്ടങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.
2. വിലയിരുത്തൽ പ്രക്രിയയെക്കുറിച്ച് അവരെല്ലാവരും ബോധമുള്ളവരായിത്തീർന്ന് അതിൽ നിഷ്പക്ഷതയോടെയും പിന്തുണാത്മകമായും ഉത്സാഹപൂർവം പങ്കെടുക്കേണ്ടതുണ്ട്.
3. സർക്കാർ നിലപാടുകൾ, ഉത്തരവുകൾ, നയങ്ങൾ, സർക്കാർ മുൻകൈയെടുത്തിരിക്കുന്ന വിദ്യാഭ്യാസകാര്യങ്ങൾ എന്നിവ എല്ലാവർക്കും പരിചിതമായിരിക്കണം.
4. സമവായത്തിലെത്തിക്കൊണ്ട് തീരുമാനങ്ങൾ കൂട്ടായി രൂപപ്പെടുത്തുക എന്നത് പ്രധാനമാണ്.
5. നിർദ്ദിഷ്ട പ്രതികരണപത്രികയിൽ / ഡാഷ്ബോർഡിൽ വിവരങ്ങൾ നൽകുമ്പോൾ പുലർത്തേണ്ട സുതാര്യതയ്ക്കും സത്യസന്ധതയ്ക്കും ഊന്നൽ നൽകുകയും തെറ്റായി വിവരങ്ങൾ നൽകുന്നതുകൊണ്ടുള്ള കോട്ടങ്ങൾ ചർച്ച ചെയ്യപ്പെടുകയും വേണം.

# 8. ഓരോ മുഖ്യമേഖലയുടെയും സ്വയംവിലയിരുത്തൽ പ്രക്രിയ

## 8.1. ഘട്ടം 1 : സ്വയം വിലയിരുത്തൽ പ്രക്രിയയ്ക്ക് തുടക്കമിടൽ

8.1.1. ഓരോ മുഖ്യമേഖലയെയും അതതിന്റെ ശരിയായ കാഴ്ചപ്പാടിൽ വിദ്യാലയം മനസ്സിലാക്കണം.

8.1.2. ഇതിനായി, ഓരോ മുഖ്യമേഖലയിലെയും സ്വയംവിലയിരുത്തൽ പ്രക്രിയ ആരംഭിക്കും മുമ്പ് തുടക്കത്തിൽത്തന്നെ നൽകിയിട്ടുള്ള ചിന്തോദ്ദീപക ചോദ്യങ്ങൾ അവധാനപൂർവം ചർച്ച ചെയ്യണം.

8.1.3. ഓരോ മുഖ്യമേഖലയിലെയും വസ്തുതാപരവിവരങ്ങൾ പൂരിപ്പിക്കണം. പ്രസ്തുത മുഖ്യമേഖലയുടെ ഓരോ കാമ്പുമാനദണ്ഡത്തിന്റെയും തലം കൃത്യമായി നിർണയിക്കാൻ അത് വിദ്യാലയത്തെ സഹായിക്കും.

8.1.4. ഓരോ മുഖ്യമേഖലയുടെയും കാമ്പുമാനദണ്ഡങ്ങളെന്തൊക്കെയെന്ന് വിദ്യാലയം മനസ്സിലാക്കണം. അവ കീഴ്-മേൽ രീതിയിലുള്ള മൂന്നു തലങ്ങളുടെ വിവരണങ്ങളായാണ് എഴുതിയിട്ടുള്ളത്. ഉദാഹരണമായി, ഒരു നിശ്ചിത കാമ്പുമാനദണ്ഡത്തിൽ തലം 3-ൽ നിലകൊള്ളുന്ന വിദ്യാലയം തലം 1, തലം 2 എന്നിവ സാക്ഷാത്കരിച്ചിരിക്കണം എന്നാണ് പ്രതീക്ഷിക്കുന്നത്.

## 8.2. ഘട്ടം 2 - വിദഗ്ധമായ തീർപ്പുകല്പിക്കൽ

8.2.1. ഓരോ മുഖ്യമേഖലയിലെയും ഏതെങ്കിലുമൊരു കാമ്പുമാനദണ്ഡത്തിൽ ഏതു തലത്തിലാണ് തങ്ങൾ ഇപ്പോൾ നിലക്കൊള്ളുന്നത് എന്ന് തീർപ്പുകൽപ്പിക്കാൻ വ്യത്യസ്തമായ തെളിവുകൾ ഒരു വിദ്യാലയത്തെ സഹായിക്കും.

- റഫർ ചെയ്യാവുന്ന തെളിവുകൾ (മാനദണ്ഡങ്ങൾ/നോംസ്, ഔദ്യോഗിക നിർദേങ്ങൾ, രജിസ്റ്ററുകൾ, ഉത്തരവുകൾ...) ശേഖരിക്കുക, വിശകലനം ചെയ്യുക.
- വിദ്യാലയത്തിൽത്തന്നെയുള്ള സഹായകത്തെളിവുകൾ (supportive evidence) കണ്ടെത്തുക.
- വിദ്യാലയം ആവശ്യാനുസരണം തെളിവുകൾ സൃഷ്ടിക്കുക. (ക്ലാസ്മുറിയെ / ക്ലാസ്റൂം പ്രവർത്തനങ്ങളെ സംബന്ധിച്ച നിരീക്ഷണങ്ങൾ, പഠിതാക്കളുടെയും രക്ഷിതാക്കളുടെയും എസ്.എം.സി./പി.ടി.എ. അംഗങ്ങളുടെയും ദൃശ്യങ്ങളും ശബ്ദങ്ങളും പിടിച്ചെടുക്കൽ (ഓഡിയോ / വീഡിയോ / എഴുത്ത്)

8.2.2. മൂന്നു തലങ്ങളിലായി നൽകിയിട്ടുള്ള മാനദണ്ഡവിവരണങ്ങൾ ശ്രദ്ധാപൂർവം വായിച്ചു മനസ്സിലാക്കണം. (സാവധാനം വായിച്ചു കേൾപ്പിക്കുക, ഫോട്ടോകോപ്പി നൽകുക, എൽ.സി.ഡി. പ്രസന്റേഷൻ തുടങ്ങിയ മാർഗങ്ങൾ ഇതിനായി സ്വീകരിക്കാവുന്നതാണ്)

8.2.3. വസ്തുതാപരവിവരങ്ങൾ, തെളിവുകൾ, മാനദണ്ഡവിവരണങ്ങൾ എന്നിവയെ അപഗ്രഥിച്ചുകൊണ്ട് ഓരോ വിദ്യാലയവും ഓരോ നിശ്ചിത മാനദണ്ഡത്തിലും തങ്ങൾ എവിടെയാണ് നിൽക്കുന്നത് എന്ന് തീരുമാനിക്കണം.

8.2.4. ഇങ്ങനെ ചെയ്യുമ്പോൾ കൂട്ടായ തീരുമാനമാണ് എടുക്കേണ്ടത്.

## 8.3. ഘട്ടം 3 – പ്രതികരണ പത്രിക – വിദ്യാലയത്തിന്റെ നില തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ

8.3.1. വിദ്യാലയത്തിന് ഓരോ മുഖ്യമേഖലയിലെയും തങ്ങളുടെ നില സംബന്ധിച്ച സമഗ്രമായ ചിത്രം കിട്ടുന്നതിനായി, നേരത്തെ എത്തിച്ചേർന്ന തീർപ്പ് (തലം 1 /തലം 2/ തലം 3) പ്രതികരണപത്രികയിൽ രേഖപ്പെടുത്തണം.

8.3.2. ഏതെങ്കിലും കാമ്പുമാനദണ്ഡത്തിൽ തങ്ങളുടെ പ്രകടനനിലവാരം തലം 3-നും മീതെയാണെങ്കിലോ പ്രസ്തുത മുഖ്യമേഖലയിൽ നൂതനാശയങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടെങ്കിലോ/പ്രാവർത്തികമാക്കുന്നുണ്ടെങ്കിലോ അത്തരം കാര്യങ്ങൾ നൂതനാശയപ്രയോഗങ്ങൾ എന്നിടത്ത് രേഖപ്പെടുത്തേണ്ടതാണ്.

## 8.4. ഘട്ടം-4 – വിദ്യാലയമൂല്യനിർണ ഡാഷ്ബോർഡ് (ഹാർഡ്കോപ്പി) പൂരിപ്പിക്കൽ

**ഡാഷ്ബോർഡിന്റെ ഹാർഡ്കോപ്പി വിദ്യാലത്തിൽ സൂക്ഷിക്കേണ്ടതാണ്**

8.4.1. വിദ്യാലയത്തിന്റെ അടിസ്ഥാനവിവരങ്ങൾ

- ജനസംഖ്യാരൂപരേഖ (Demographic Profile) എസ്.സി./എസ്.ടി., ഒ.ബി.സി., ജനറൽ തുടങ്ങിയ വിഭാഗങ്ങളിലുള്ള കുട്ടികളുടെ എണ്ണവും ആകെത്തുകയും രേഖപ്പെടുത്തുക. മൈനോറിറ്റി കുട്ടികളുടെ എണ്ണം ആകത്തുകയിൽ പരിഗണിക്കേണ്ടതില്ല വേറെ രേഖപ്പെടുത്തിയാൽ മാത്രം മതി.
- പഠനനേട്ടങ്ങളുടെയും പഠിതാക്കളുടെയും പൊതുചിത്രം (Learning Outcome and Learner's profile):

  മുൻ അക്കാദമികവർഷത്തിന്റെ അന്ത്യത്തിൽ നടത്തിയ മൂല്യനിർണയത്തിൽ നിശ്ചിത സ്കോറുകൾ നേടിയവർ എത്ര ശതമാനമുണ്ടെന്ന് ഓരോ ശതമാന പരിധിയി(percentage range)ലും രേഖപ്പെടുത്തുക.
- ക്ലാസ്തല-വാർഷിക ഹാജർനിരക്ക് : മുൻ അക്കാദമികവർഷത്തെ ക്ലാസ്തല വാർഷിക ഹാജർനിരക്ക്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയായി താഴെകൊടുത്ത സൂത്രവാക്യം ഉപയോഗിച്ച് കണക്കുകൂട്ടുക.

$$\text{ശരാശരി വാർഷിക ഹാജർ നിരക്ക്} = \frac{\text{എല്ലാകുട്ടികളുടെയും വാർഷിക ഹാജറിന്റെ ആകെത്തുക} \div \text{കുട്ടികളുടെ എണ്ണം}}{\text{സാധ്യായ ദിനങ്ങളുടെ എണ്ണം.}} \times 100$$

  ഹാജർ നിരക്കെന്നാൽ സ്കൂളിന്റെ സാധ്യായദിനങ്ങളിൽ എല്ലാ കുട്ടികൾക്കുമുള്ള ശരാശരി ഹാജരാണ്.
- മുഖ്യവിഷയങ്ങളിലെ പ്രകടനം : മുൻ അക്കാദമികവർഷം മുഖ്യവിഷയങ്ങളിൽ എത്ര ശതമാനം കുട്ടികൾ ഓരോ ഗ്രേഡിലുമുണ്ടെന്ന് രേഖപ്പെടുത്തുക. (ക്ലാസ്സ് 8 – 12 മാത്രം ഇങ്ങനെ രേഖപ്പെടുത്തിയാൽ മതി)
- അധ്യാപകരുടെ പൊതുചിത്രം : അധ്യാപകരുടെ പരിശീലനം ഹാജർ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചേർക്കുക.

8.4.2. വിദ്യാലയ മൂല്യനിർണയത്തിന്റെ സമഗ്ര പ്രതികരണപത്രിക (School Evaluation Composite Matrix) : ഓരോ മുഖ്യമേഖലയിലെയും കാമ്പുമാനദണ്ഡങ്ങളിൽ ഏതു തലത്തിലാണ്, വിദ്യാലയമുള്ളതെന്ന് (നടപ്പുവർഷം) ടിക്ക് ചെയ്യുകയോ എഴുതുകയോ വേണം. തുടർന്ന്, ആവശ്യമായ ഇടപെടലുകളുടെ / പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം (താഴ്ന്നത്, മധ്യമം, ഉയർന്ന് - L/M/H) രേഖപ്പെടുത്തണം. അവസാനമായി, ഓരോ മുഖ്യമേഖലയിലെയും വിവിധ കാമ്പുമാനദണ്ഡങ്ങളിൽ എത്രയെണ്ണം വീതം ഓരോതലത്തിലുമുണ്ടെന്നുകൂടി എണ്ണി എഴുതണം.

8.4.3. വിദ്യാലയത്തിന്റെ നിരന്തരമെച്ചപ്പെടൽ രൂപരേഖയിലേയ്ക്കുള്ള പ്രവർത്തനസൂചനകൾ (Action for Continuous School Improvement/ആക്സിപ്) :

വിദ്യാലയത്തിന്റെ ദൗത്യപ്രസ്താവന, മെച്ചപ്പെടുത്തൽ മേഖലകൾ, മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങളുടെ സൂചനകൾ, അതിനു വേണ്ടുന്ന പിന്തുണകൾ, എടുത്ത നടപടികൾ എന്നിവ ഇവിടെ എഴുതണം.

## 8.5. ഘട്ടം - 5 വെബ്പോർട്ടലിൽ വിദ്യാലയ മൂല്യനിർണയ ഡാഷ്ബോർഡ് അപ്‌ലോഡ് ചെയ്യൽ.

**വെബ്പോർട്ടലിന്റെ പേര് : www.shaalasiddhi.nuepa.org**

ഡാഷ്ബോർഡിന്റെ ഹാർഡ്കോപ്പി നോക്കി അപ്‌ലോഡ് ചെയ്യുക. ഭാവിയിലുള്ള ആവശ്യങ്ങൾക്കായി പാസ്‌വേർഡ് സേവ് ചെയ്യുക. പി.ഡി.എഫ്. കോപ്പി സേവ് ചെയ്യുക.

യൂസർ ഐ.ഡി., പാസ്‌വേർഡ് എന്നിവ സൃഷ്ടിക്കുമ്പോൾ ഇനി പറയുന്ന നിർദേശങ്ങൾ പാലിക്കുക.

### ഒന്നാം പടി

8.5.1. വിദ്യാലയം ലോഗിൻ ചെയ്യേണ്ടത് അതിന്റെ യൂസർ നെയിം ഉപയോഗിച്ചാണ്.

8.5.2. യുഡയസ് കോഡ് എന്റർ ചെയ്യുക. (11 അക്കങ്ങളുള്ള കോഡ്)

8.5.3. എല്ലാ മാൻഡേറ്ററി ഫീൽഡുകളും എന്റർ ചെയ്യേണ്ടതാണ്.

8.5.4. വിദ്യാലയത്തിന്റെ തനതായ PIN(OTP) മൊബൈൽ നമ്പറോ, ഇ-മെയിൽ ഐഡിയോ അഥവാ രണ്ടുംകൂടിയോ എന്റർ ചെയ്യുക.

8.5.5. PIN(OTP) ഉണ്ടാക്കുന്നതിൽ വിജയിച്ചാൽ നിങ്ങളുടെ മൊബൈൽ നമ്പറിലേയ്ക്ക്/ ഇ-മെയിൽ ഐ.ഡി.യിലേയ്ക്ക് അയച്ചു കിട്ടിയ PIN(OTP) എന്റർ ചെയ്യുക.

***കുറിപ്പ്*** : 120 സെക്കന്റുകൾക്കുള്ളിൽ നിങ്ങൾക്ക് PIN (OTP) ലഭിക്കുന്നില്ലെങ്കിൽ അത് വീണ്ടും ലഭിക്കുന്നതിനുള്ള ബട്ടൺ ക്ലിക്കു ചെയ്യണം.

8.5.6. സബ്മിറ്റ് ചെയ്യുക.

എ) ശരിയായ PIN(OTP) എന്റർ ചെയ്തിട്ടുണ്ടെങ്കിൽ രണ്ടാം ഘട്ടത്തിലേയ്ക്ക് പോകുന്നതിനുള്ള നിർദേശം ലഭിക്കും.

ബി) എന്റർ ചെയ്ത PIN(OTP) ശരിയായതല്ലെങ്കിൽ 'Invalid PIN (OTP)' എന്ന മെസ്സേജ് നിങ്ങളെ കാണിക്കും.

## രണ്ടാം പടി

8.5.7. പുതിയ പാസ്‌വേർഡ് എന്റർ ചെയ്യുക. കൺഫേം ചെയ്യുക.

***കുറിപ്പ്*** : പാസ്‌വേർഡിൽ 8 മുതൽ 10 വരെ കാരക്ടറുകൾ മാത്രമേ പാടുള്ളൂ. അതിൽ കുറഞ്ഞത് ഒരു സ്മാൾലെറ്റർ, ഒരു കാപ്പിറ്റൽ ലെറ്റർ, ഒരു അക്കം, ഒരു പ്രത്യേക കാരക്ടർ എന്നിവ ഉണ്ടാകണം. അനുവദിക്കപ്പെട്ട പ്രത്യേക കാരക്ടറുകൾ 1@#$%^&*O+=. എന്നിവയാണ്. പാസ്‌വേർഡിന് ഉദാഹരണം (Nav@2012)

8.5.8. ക്രിയേറ്റ് യൂസർ ക്ലിക്ക് ചെയ്യുക.

എ) പാസ്‌വേർഡ് ശരിയായി ഉണ്ടാക്കിയാൽ നിങ്ങൾക്ക് ഹോംപേജിലെത്താം.

ബി) നിർദിഷ്ട രൂപത്തിലല്ലാത്ത പാസ്‌വേർഡാണ് എന്റർ ചെയ്തതെങ്കിൽ (നിർദേശം 5.7. കാണുക) ഒരു വാലിഡേഷൻ മെസേജ് കാണിക്കുന്നതാണ്.

## മൂന്നാം പടി

8.5.9. വിദ്യാലയത്തിന്റെ യൂസർക്ക് തങ്ങളുടെ സ്വയംമൂല്യനിർണയ റിപ്പോർട്ട് PDF, Excel പോലുള്ള ഫോർമാറ്റുകളിൽ സേവ് ചെയ്യാവുന്നതാണ്.

9.5.10 വെബ്പോർട്ടൽ സംബന്ധമായ എല്ലാ അന്വേഷണങ്ങളും usse@nuepa.org -യിലേയ്ക്ക് ഇ-മെയിൽ ചെയ്യാവുന്നതാണ്.

പ്രത്യേക ശ്രദ്ധയ്ക്ക് : പഠിതാക്കളെയും അധ്യാപകരെയും സംബന്ധിച്ച് പൂരിപ്പിക്കുന്ന വിവരങ്ങൾ മുൻവർഷത്തേതും മുഖ്യമേഖലകൾ സംബന്ധിച്ച വിവരങ്ങൾ നടപ്പു വർഷത്തേതുമാകണം.